*Registered*

## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. – ജീവനക്കാര്യം – 26500 – 60700 രൂപ ശമ്പള സ്കെയിലിൽ എൽ.ഡി. ടൈപ്പിസ്റ്റ് നിയമനം (കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ) – നിയമനം – ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- നിയമന ശുപാർശ നം. E5-3/09/2019/KPSC-DOEKM (4), dated: 03/08/2022.

### ഉത്തരവ് നം. ഇ.ഡി.4-11/2020/ആ.വ.ഡ., തീയതി : 23/08/2022.

1958 -ലെ സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ 9 (എ) (1) നിയമം പ്രകാരം 26500 – 60700 രൂപ ശമ്പള എൽ.ഡി. ടൈപ്പിസ്റ്റ് (ഹെഡ് ക്വാർട്ടേഴ്സ് ഒഴിവ്) തസ്തികയിലേക്ക് എറണാകുളം ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസറുടെ മേൽ പരാമർശം പ്രകാരം നിയമന ശുപാർശ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥിയെ എൽ .ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ഈ കാര്യാലയത്തിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേരും മേൽ വിലാസവും | പിതാവിന്റെ/ രക്ഷകർത്താവിന്റെ പേര് | ജനന തീയതി | യോഗ്യത | നിയമന നിർദ്ദേശത്തിന്റെ ഊഴം |
|---|---|---|---|---|---|
| 1 | ശ്രീമതി അർച്ചന തമ്പാൻ<br>കണിശ്ശേരിയിൽ<br>മണിക്കിണർ, നെല്ലിമറ്റം<br>എറണാകുളം<br><br>(ഈഴവ) | തമ്പാൻ കെ. കെ. | 29/04/1993 | 1. എസ്.എസ്.എൽ.സി.<br>2. കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ)<br>3. കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് മലയാളം (ലോവർ)<br>4. കെ.ജി.ടി.ഇ. കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് (ലോവർ) | OC |

1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം 9 (എ) (1) പ്രകാരം, പിന്നീടുള്ള പരിശോധനയിൽ ഈ ഉദ്യോഗാർത്ഥിയുടെ സ്വഭാവവും പൂർവ്വ ചരിത്രവും തൃപ്തികരമല്ലെന്ന് കണ്ടെത്തിയാൽ മുൻകൂട്ടി അറിയിപ്പ് കൂടാതെ പ്രസ്തുത നിയമനം റദ്ദ് ചെയ്യുന്നതാണ്.

നിയമന ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ഉദ്യോഗാർത്ഥി നിയമനാധികാരി മുമ്പാകെ ഹാജരാകാത്ത പക്ഷം അവരുടെ നിയമനം റദ്ദ് ചെയ്യുന്നതാണ് . ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് താഴെ പറയുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ നിയമനാധികാരി മുൻപാകെ ഹാജരാക്കേണ്ടതാണ്.

1. ജനന തീയതിയും വിദ്യാഭ്യാസ യോഗ്യതയും തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
2. സർക്കാർ സർവ്വീസിലെ സിവിൽ സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമായ ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ്
3. സ്വഭാവ സാക്ഷ്യ പത്രം.
4. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്

വൺടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് സേവന പുസ്തകത്തിൽ പതിപ്പിക്കേണ്ടതാണ്. ഏതെങ്കിലും രേഖകളിൽ പൊരുത്തക്കേട് കാണുന്ന പക്ഷം

ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിക്കാൻ അനുവദിക്കുന്നതല്ല. 31/12/1991 -ലെ ജി.ഒ.(പി) നം. 45/91/പി&എ.ആർ.ഡി. ഉത്തരവ് പ്രകാരം ജനന തീയതിയിൽ ഏതെങ്കിലും തിരുത്തൽ ഉണ്ടെങ്കിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ 5 വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ടി ജീവനക്കാരന്റെ തുടർച്ചയായ 3 വർഷ സേവനത്തിൽ 2 വർഷം നിരീക്ഷണ കാലയളവാണ്.

ഉദ്യോഗാർത്ഥി മേൽ പറഞ്ഞിട്ടുള്ള സാക്ഷ്യ പത്രങ്ങളുടെ അസ്സൽ പകർപ്പ് സഹിതം തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്കു മുമ്പാകെ ഹാജരാകേണ്ടതാണ്.

(ഒപ്പ്)
ശോഭ വി.
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്:
ശ്രീമതി അർച്ചന തമ്പാൻ, കണിശ്ശേരിയിൽ, മണിക്കിണർ, നെല്ലിമറ്റം, എറണാകുളം

പകർപ്പ്:-
1. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

Beena 24/8/22
സൂപ്രണ്ട്

ജിആർആർ-23/08